# അദ്വൈത ശ്രീധരം


പ്രസാധകർ:-

**സാധുഗോപാല സമാജം**

കൃഷ്ണപുരം.

# അദ്വൈത ശ്രീധരം

Malayalam

അദ്വൈത ശ്രീധരം

Author
Sadhu Sreedharan Nair

Published by
Sadhu Gopala Samajam
Krishnapuram, Kayamkulam. P. O.

Printed by
Sivas Printers
West Nada, Kottayam.

No. of Copies 501
Copy Right reserved.

1985 ആഗസ്റ്റ് 27
1161 ചിങ്ങം 11



സാധു ശ്രീധരൻ നായർ

# ഓം

അദ്വൈത സിദ്ധാന്തം അനേക പ്രകാരത്തിൽ ശ്രീധരൻ നായർ സ്വാമികൾ ഞങ്ങൾക്ക വിവരിച്ചു തന്നിട്ടുണ്ട്. അവയിൽ ചിലതു് ഞങ്ങളുടെ ആവശ്യപ്രകാരം അദ്ദേഹം തന്നെ രൂപപ്പെടുത്തി തന്നിട്ടുള്ളതാണു് ഈ അദ്വൈത ശ്രീധരം. അനുഭവാദ്വൈതത്തിനു പ്രാമാണ്യം കല്പിച്ചുകൊണ്ടു് ശാസ്ത്രസമ്മതമായ രീതിയിൽ സംശുദ്ധമായ ലളിത പദാവലികളിൽ അദ്വൈതം ഇത്ര വ്യക്തമായി വിവരിച്ചിട്ടുള്ള മറെറതെങ്കിലും ഗ്രന്ഥം ഉള്ളതായി അറിവില്ല. ഇതിൽ സമാധിയെ സംബന്ധിച്ചുള്ള പ്രതിപാദനവും അതുല്ല്യമാണു്. ആത്മാന്വേഷികൾക്കു് ഇതിൽ പ്രതിപാദിച്ചിട്ടുള്ള രീതികൾ ഫലപ്രദമായിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

അദ്ദേഹത്തിൻെറ പാദുകങ്ങളിൽപെട്ട ''അർച്ചിത കുസുമ'' പരമ്പരയിലെ ഏതാനും ഭാഗങ്ങൾ മററു ഗ്രന്ഥങ്ങളിൽ ഉള്ളതുപോലെ ഇതിലും ചേർത്തിട്ടുണ്ടു്.

ഞങ്ങൾ ഈ കൃതിയെ ജിജ്ഞാസുക്കൾക്കു വേണ്ടി പ്രസിദ്ധീകരിച്ചുകൊള്ളുന്നു.

പ്രസാധകർ

സാധുഗോപാല സമാജം

കൃഷ്ണപുരം,

27-8-1985.

# ഓം

ശ്രീ ഗുരവേ നമഃ

# ഭേഷജം

ഘോരഘോരമേ സംസാരസാഗരം
ധീരധീരമേ ആത്മ ചൈതന്യവും
പണ്ടുപണ്ടൊരു നായർ ചമച്ചുപോൽ
അന്തമറ്റൊരു സങ്കല്പ സാഗരം

മാനസ വൃക്ഷമാരുഹ്യ ഭാരതൻ
ചാടിനോക്കിനാൻ തൻമഹാസാഗരേ
അത്ഭുതപ്പടിഘോരം തിരമാല
ചുഴലിമലരിയും ഘോരം കൊടുങ്കാറ്റും

കൂരിരുൾ കൊണ്ടു മൂടി നഭസെല്ലാം
കണ്ണുകാണാനും ബുദ്ധിമുട്ടായിപോൽ
മകരമത്സ്യങ്ങൾ നക്രങ്ങളെന്നല്ലാ
ഘോര രാക്ഷസർ പാതാളവാസികൾ

ഏവരുമൊത്തുതിന്നാനടുക്കയും
വേപഥു പൂണ്ടുചാടീട്ടുനീന്തിയും
തൊഴിച്ചും പിടിച്ചും നഭസിൽ
ചാടിരക്ഷകൾതേടി നട്ടം ചുറ്റി

# അദ്വൈത ശ്രീധരം

ചൊല്ലിനാനൊരാറം പൂമലർവാണിയാൽ
നീയല്ലേയീമഹാർണ്ണവ നിർമ്മാതാ
ഓർത്തുപോയിപ്പോൽ തൻസമുദ്രമെന്ന്
നിന്നുനോക്കീജലമില്ലൊരടവും.

മകരനക്രങ്ങളാകെ കടന്നെടോ
രാക്ഷസരെല്ലാമാർത്തുവിളിച്ചോടി
അത്ഭുതപ്പടികണ്ട നിന്നീടുമ്പോൾ
ഏകമത്ഭുതം നായർ ശേഷിച്ചെടോ

ഘോരഘോരമേ സംസാരസാഗരം
ധീരധീരമേ ആത്മ ചൈതന്യവും
പിൻവലിച്ചവൻ സങ്കല്പജാലത്തെ
പിൻവലിച്ചനിൻസങ്കല്പമെങ്കിലോ-
നിൻമഹാർണ്ണവും തീർന്നു കുമാരകാ

അത്ഭുപ്പടി നീ ബാക്കിനില്ക്കുമേ
ശേഷിച്ചീടുമേ ഏതൊരു കാലത്തും
കേടുകൂടാതെ എന്നും നിലനില്ക്കും
ഭാരതാംബതൻ ഏകപുത്രൻ ഭവാൻ

പേടിച്ചീടേണ്ട കൈവിട്ട സങ്കല്പം
ഡപ്പുതന്നിലകപ്പെട്ടകയ്യത്
സാധനം വിട്ടും നേരം സ്വതന്ത്രമാം
കൈവിട്ടനിൻെറ ആഗ്രഹമെൻകണ്ണേ
ആത്മവാനായ് ചമയുമേ അന്നേരം

പാടുപാടുകീചെറുഗീതയെപ്പൊഴും
ഭേഷജം ഇതുഭവരോഗനാശിനീ
ഘോരഘോരമേ സംസാരസാഗരം
ധീരധീരമേ ആത്മ ചൈതന്യവും

✲

# ഓം

# സമാധിയിലേക്ക്

ഓം

ശ്രീ ഗുരവേ നമഃ

ഓം ഭാവയാമി നിജരൂപം
നിജബോധം, അതിധീരം
ആത്മരൂപം
വിശ്വവിശാലം, മോഹനരമ്യം,
ആനന്ദസാഗരം, ഭാവാഭാവം

ഓം ഭാവയാമി സുഖരൂപം
സ്വപ്രകാശം,
ജ്യോതിർരൂപം,
സ്വച്ഛനിർമ്മലബന്ധവിമുക്തം
പരമാനന്ദം
പരമപ്രകാശം

ഭാവയാമി പരാരൂപം
നാദാന്തം
ശബ്ദഹീനം

നിശ്ചലശാന്തസ്വരൂപം
പ്രശാന്തം
മംഗളം
ആനന്ദ തുന്ദിലം
അഖണ്ഡൈകരസം
തുര്യാനന്ദം തുര്യാതീതം

ഭാവയാമി സത്സ്വരൂപം
സത്യനിർമ്മലം
നിത്യനിർമ്മലം
നിഷ്കള ബോധസ്വരൂപം
നിത്യനിർമ്മല നിഷ്കളരൂപം
സത്യരൂപം സനാതനം

ഭാവയാമി ബോധരൂപം
ഉപാധി രഹിതം
വിശാല മോഹനം
ജ്ഞാനരൂപം
പ്രിയരൂപം
നിരീഹ നിർമ്മലം
ഗംഭീര നിലയനം
സത്യരൂപം നിത്യവിശാലം
അനന്താനന്ദം മായാഹീനം

ഭാവയാമി സ്വ സ്വരൂപം
ബോധരൂപം
ആത്മാനന്ദം
അതിശയനിർമ്മലബോധരസം
പൂർണ്ണമനോഹരതേജഃപുഞ്ജം
പൂർണ്ണം

നിത്യ പൂർണ്ണം
പൂർണ്ണ പൂർണ്ണം
പൂർണ്ണ നിലയനം

ഭാവയാമി മമരൂപം
സ്വപ്രകാശം
പ്രകാശ പ്രകാശം
ബോധപ്രകാശം
അനന്താനന്ദം
നിർമ്മല ഹർമ്മ്യം
അതീത ഭാവിത നിർഗ്ഗുണ ശോഭിതം
ചിന്താതീതം വാസന വർജ്ജിതം
ബോധബോധമാത്മനിലയനം
അതിശയ നിർമ്മല ബോധരസം
നിർവ്വിശേഷം
നിഗമാതീതം
ഭാവാതീതം
നിഗമ സൂചിതം
ഭീതി നിഹനനം

ഭാവയാമി നിജരൂപം
ബ്രഹ്മ നിലയനം
ആത്മ നിലയനം
ശ്രീധരശോഭിതം

ഭാവയാമി സ്വ സ്വരൂപം
ശാശ്വത നിർമ്മല നിത്യനിരാമയം
രൂപഹീനം
നാമഹീനം
സച്ചിൽ സുഖമത്യാനന്ദമന്ദിരം

ഭാവയാമി സുഖരൂപം
നിജബോധം
മായാതീതം
മായാഹീനം
ധീരധീരം
അഖണ്ഡ നിർമ്മല ബോധരസം
അഘവിനാശം
ആനന്ദശോഭിതം
ആത്മ സ്വരൂപം

ഭാവയാമി മമരൂപം
നിജബോധം
ആത്മരൂപം

# ഓം

# സമാധി വീക്ഷണം

ഓം

ശ്രീ ഗുരവേ നമഃ

പാടുപാടു മനമേ:-
അമ്മതൻ മക്കൾക്കു
ധീരത ഏകുവാൻ
പാടുപാട്
എന്റമ്മതൻ മക്കൾക്ക്
ധീരത ഏകുവാൻ
പാടുപാട്

അങ്ങങ്ങുയരെ
അങ്ങുച്ച വിഹായസിൽ
അമ്മതൻ നെറുകയിൽ
തിലകം ചാർത്തുവാൻ
പാടുപാട്
എന്റമ്മതൻ മക്കൾക്ക്
ധീരത ഏകുവാൻ
പാടുപാട്

രൂപം വെടിഞ്ഞിട്ടോ
പ്രകാശവടിവാർന്നോ
ഒന്നുമേ കാണാത്തോ-
രാകാശമതുപോൽ
മംഗളസുഖാകാരം
മോഹനമതിവിശാലം
ചിത് വിലസിതം
ആനന്ദമന്ദിരം
സമാധിയതു കാട്ടുവാൻ

വേദാന്തം കാട്ടുവതും
വസിഷ്ഠരാമാദികൾ
അറിഞ്ഞു വിവരിച്ചതും
ഞാൻ കണ്ടമാതൃകയിൽ
തുറന്നു കാട്ടീടാം ഞാൻ
മോഹന മനോഹരം
സമാധിയായതിനെ.

മാനസ സരസ്സതിൽ
കളിയ്ക്കും ഹംസക്കൂട്ടം
ഈ പാട്ടു പാടിക്കൊണ്ടു
നിത്യേന വിഹരിക്കട്ടേ
മോഹന പങ്കജങ്ങൾ
നന്നായ്‌വിടരട്ടെ.

പ്രകാശരൂപത്തെ കണ്ടുവെന്നാൽ
പ്രാണിപറവകളെത്തുപെട്ടും
പ്രാണൻ പറവപോലെത്തുപെട്ടും
ഭ്രൂമദ്ധ്യകേന്ദ്രമുദിച്ചുവെന്നാൽ
ചന്ദനം തൊട്ടപോൽസ്പന്ദിക്കുമേ

നോക്കുന്നിടത്തെല്ലാം നീലകാണും
ചുവപ്പും മഞ്ഞയും വെളുപ്പും കാണും
മഴവില്ലുഭംഗിയിൽ കണ്ടീടുമേ.

കൂരിരുട്ടും കാണുമേ
രാത്രിപോൽ കാണുമേ
ബുദ്ധിമാൻ നിദ്രപോൽ
ഇരുളതുകാണുമേ
ചന്ദ്രനെ കാണുമേ
സൂര്യനെ കാണുമേ

എന്നാണു നീകട്ടിപ്രകാശ-
മായ് മണ്ഡല പ്രകാശമായ്
നിന്നെ കാണാതെ കാണുമത്
എന്നാണു നിന്നിൽ നിന്നും
പ്രകാശ മുജ്ജ്വലിപ്പതുകാണു,
ഇവയൊക്കെ സമാധിയെന്നോ
തുമേ ലക്ഷ്യം കാട്ടികളത്രേ,
ഈവക സമാധിയെന്നോക്ക

തപ്പുമേ സമാധിയിൽ
തൻ തടി എവിടെന്ന്
ജഢമായ് കണ്ടീടുമേ
നടന്നുപോവതുകാണും
കിടന്നുറങ്ങുവതു കാണും

സാക്ഷിതൻ വിളയാട്ട
മെത്രമേൽ മനോഹരം
സാക്ഷിത്വം വിട്ടുവതു
സമാധിയറികെടോ

സാക്ഷിയോ ബോധവാനാ
ണാകാശം വിഹായസ്സം

നമ്മല മനോഹരയനന്താകാശ
മൊട്ടമാത്മാവാകുകയില്ലാ
സാക്ഷിയോ നോട്ടമല്ലാ
തില്ലല്ലൊ രൂപമൊട്ടം
ബോധവാഹകനവൻ
നിമ്മലൻ രൂപമില്ലാത്ത രൂപി
അഭാവാവസ്ഥയത്ര കാട്ടി
തെളിഞ്ഞു നിലനില്പോൻ

രൂപമില്ലാത്തതായ
അഭാവ രൂപിയതിൽ
ബോധം നിൽക്കുവതെങ്ങിനെ–
ന്നറിവതു സമാധിതന്നെ
അതു ഞാൻ വിവരിക്കാം
ശ്രദ്ധയാ കേട്ടുകൊൾകാ

അരൂപയാകാശത്തിൻ
വ്യാപ്തിനീകാണുന്നില്ലേ
അന്തമററുയരമുണ്ട്
അളവററ വശങ്ങളുണ്ട്
കീഴ്പോട്ടം നിലയില്ല
അരൂപിയാണു താനും.

ദേശവുമരൂപിയത്രേ
ആകാശമതിൽ നിൽപ്പൂ
ആകാശം ഭവിച്ചതാണ്
ഭവത്തിൽ പെട്ടതാണ്

ദിക്കാലദേശങ്ങളും
ഭവത്തിൽ പെട്ടതത്രേ

സാക്ഷിയതു ഭവിച്ചതല്ല
ഭവത്തിൽ പെട്ടതല്ല
അല്പസാക്ഷിയുമവൻ
സർവ്വസാക്ഷിയുമവൻ
ഭഗവാൻ ബ്രഹ്മംതന്റെ
ഈക്ഷണ ശക്തിയവൻ
അറിവായറിയുന്നോൻ
എന്നങ്ങറിയുമാത്മാ
തീക്കമേ സാക്ഷിയതിൽ
കല്പിക്കും കളങ്കങ്ങൾ
അതുതാനാത്മാവാകും
അതുതാൻ ചിത്തായിടും

എന്നാലും സാക്ഷിതന്റെ
ദൃഷ്ടതു ചൊല്ലീടാം ഞാൻ
സാക്ഷി ദൃക്കതാണേ
സാക്ഷിക്കു ദൃശ്യമുണ്ട്
അല്പസാക്ഷിയുമതു്
ഭവിച്ചെന്നു തോന്നിച്ചാലും
ഭവിച്ചിട്ടില്ലാ അതു്
''ഘടാവഭാസകോ ഭാനർ
ഘടനാശേന നശ്യതി
ദേഹാവഭാസക സാക്ഷീ
ദേഹനാശേ നനശ്യതീ''

എന്നറിഞ്ഞടങ്ങിയാൽ
സാക്ഷിസർവ സാക്ഷിയതാകുമേ
സർവസാക്ഷിയതെന്നായാൽ
ഈശ്വരത്വമതാകുമേ
'ഈശ്വരോസർവ ഭൂതാന്തരാത്മാ'

ഇവിടമെല്ലാം താണ്ടിടുമ്പോഴും
ഇവിടെയൊക്കെ ത്തുഴയുമ്പോഴും
ത്രിപുടിയതുണ്ടെന്നോ
ത്രിപുടിയതില്ലെന്നോ
ആരറിയുന്നു കുഞ്ഞേ
ഉള്ളതായ് കാണുന്നുണ്ട്
ഉള്ളതുകാണുന്നുണ്ട്
കാണ്മവനദൃശ്യൻ താൻ
സാക്ഷി സാക്ഷിത്വമറിയുന്നു.
സാക്ഷിയെയറിയുന്നില്ല.
സാക്ഷിയതേകനല്ലാ
സാക്ഷിക്കദൃശ്യമുണ്ട്
ദ്വൈതിയാണവൻ പാർത്താൽ
സർവ്വം കാണും സാക്ഷി
പക്ഷമില്ലാത്ത സാക്ഷി
പററുതലററ സാക്ഷി
ഇത്രമേൽ ഗുണമേറും സാക്ഷി
ബഹിർ പ്രജ്ഞനായ് നില്പൂ
അന്തർ പ്രജ്ഞനതല്ലല്ലോ
സാക്ഷിതാൻ തിരിഞ്ഞങ്ങ്
സാക്ഷിയിൽ തിരിഞ്ഞെന്നാൽ.
അദ്വൈത സിദ്ധിയതു
സാദ്ധ്യമായ് വന്നീടുമേ

''അസംഗ സച്ചിദാനന്ദ
സ്വപ്രഭോ ദ്വൈതവർജ്ജിതാ
അസ്മീതി ശബ്ദ വിദ്ധോയം
സമാധി സവികല്പക''

ഒന്നിലും സംഗമേൽക്കാതെ
സച്ചിദാനന്ദമാത്രനായ്
സ്വപ്രകാശമയനായ്
ദ്വൈതവർജ്ജിതനായ്
അസ്മിശബ്ദാർത്ഥവിദ്ധനായ്
നിലകൊള്ളുവതത്രേ
സമാധി സവികല്പകം.

''സ്വാനുഭൂതിരസാവേശാൽ
ദൃശ്യ ശബ്ദാനപേക്ഷിതു
നിർവ്വികല്പസമാധിസ്സ്യാ
നിർവ്വാതസ്ഥിത ദീപവൽ''

''പ്രഭാശ്ശൂന്യം മനശ്ശൂന്യം
ബുദ്ധിശ്ശൂന്യം ചിദാത്മകം
അതദ്വ്യാവൃത്തി ആപോസി
സമാധിർ മുനിഭാവിതം''

''ഊർദ്ധ്വപൂർണ്ണമധഃ പൂർണ്ണം
മധ്യപൂർണ്ണം ശിവാത്മകം
സാക്ഷിദ്വിധിമുഖോഹ്യേഷാ
സമാധിഃ പാരമാർത്ഥികഃ''

## അർച്ചിത കുസുമം

പലവിധ സമാധികളാം
ശീലിച്ച നടക്കും കാലം
അന്നന്നങ്ങൊരുദിനം
ആകാശം മാത്രമുള്ള
മംഗളസമയത്തിൽ
ഇടത്തെ കയ്യതിങ്കൽ
അരച്ചരുട്ടിയ ചന്ദന
കബളമങ്ങനനഞ്ഞു
പററും പടി, യീറ്റ്പ്വും,
നല്ലഭാരവും, മറുകയ്യിൽ
സുന്ദരമനോഹരശംഖവും
അതിവെണ്മയിൽ, വാലു
നീണ്ടു്, മെയ്യുനീണ്ട, കോമള
ഉടലാന്ന, മോഹനശംഖമതും
തൃപ്തിയാമ്മാറിരുന്ന
ദേവസമാനനായിട്ടാ
ആകാശ നടുവതിൽ

ആകാശ വടിവാന്നു്
ഓങ്കാരധ്വനിയാന്നു
മേഘനാദം മുഴക്കി
നടക്കും കാലത്താണ്ടു്
കണ്ടെത്തിയദൃശ്ചയാ
ഞാനൊരുശ്ലോകം
''ആകാശസ്യഗുണ:ശബ്ദാ
നിശബ്ദോ ബ്രഹ്മഉച്യതേ''
എന്നാൽ ഞാൻ മാററിയീവിധം

–ശബ്ദഗുണകമാകാശം
നിശ്ശബ്ദം ബ്രഹ്മലക്ഷണം
ഇതു ചൊല്ലി സമാധിയാന്നും
അല്ലാതെയും കഴിച്ചു പലദിനം
നടക്കുമ്പോഴമിരിക്കുമ്പോഴും
എന്തു വേണ്ടാകിടക്കുമ്പോഴും
എന്നെ മറിച്ചു നിശ്ശബ്ദം
ബ്രഹ്മലക്ഷണം—.
വിശപ്പങ്ങറിയാതെയും.
വെയിലറിയാതങ്ങു നടന്നും
ക്ഷീണമോർക്കാതെയും
കഴിച്ചു പലദിനം
അതുപോലെ പരിശീലിച്ച
ഊർദ്ധ്വ പൂർണ്ണ മധ്യ പൂർണ്ണ
മധ്യപൂർണ്ണം ശിവാത്മകം
അതുപോലെ പഠിച്ചു ഞാൻ
പ്രഭാശ്ശൂന്യം മനശ്ശൂന്യം
ബുദ്ധിശ്ശൂന്യം ചിദാത്മകം

ജഡാകാശമതിൽ നിന്നും
അഖണ്ഡാകാരവൃത്തിയാന്നിട്ടും
ഗുരുകാരുണ്യമുണ്ടെങ്കിൽ
ചിദാകാശവുമാകുമേ.
ചിദാകാശമതാകുമ്പോൾ
ശോകനാശമതനുഭവം
ശോകനാശം ഭവിച്ചങ്ങ്
തത്വജ്ഞാനം വിളങ്ങുമ്പോൾ
അതിഹർഷം ജനിക്കുമേ
ഇവരണ്ടുമതാണെല്ലോ
മുക്തൻ തന്റെ ലക്ഷണം

## അർച്ചിത കസുമം

ഗുരുനാഥൻ ദേഹം വെടിഞ്ഞു
കാലങ്ങൾ കഴിഞ്ഞപ്പോൾ
പിതാവും ദേഹം വിട്ടു,
കുറെ നാൾകഴിഞ്ഞപ്പോൾ
മാതാവും തഥൈവചാ.
അഖണ്ഡാകാരവൃത്തിയിൽ മുങ്ങിയും
അഖണ്ഡരസമതിൽ ആറാടിയും
കാലങ്ങൾ കുറെയൊക്കെ കഴിച്ചു
അന്നന്നൊരു ദിനം
സാക്ഷിയും മറന്നങ്ങു
മഹാകാശവടിവാർന്നു
ബോധാമൃതനായി
ശ്രീധരൻ നിലകൊൾകെ
ഞാനാകും മഹാകാശേ
ഗംഭീര നിലയനേ
കേറക്കായിതതിഘോരം
ഭീകരമൊരുശബ്ദം
നോക്കി ഞാൻ ബോധ
ചക്ഷുസാ സാക്ഷിപോലെ
കണ്ടു ഞാൻ ഞാനായീടും
കോമളമനോഹര
ഞാനാകും ഗരുഡനെ
ഞാനാകുമാകാശത്തിൽ
സുവ്യക്തം കണ്ടു തൃപ്താപൂണ്ടു
ചോദിച്ചു പോയി ബോധ
ഭാഷയിൽ 'ഞാൻ ഗരുഡനായിട്ടോ''?
നിമിഷമേ കഴിഞ്ഞുള്ളു

കാണായി ഗരുഡൻ മദ്ധ്യേ
നിന്നുപൊങ്ങിവന്നതാം
ഭഗവാനാം വിഷ്ണുദേവനെ
ഞാനായ് തന്നെ കണ്ടു
ഞാനാകും ചിദാകാശമോ
ഞാനാകും ഗരുഡനോ
ഞാനാകും വിഷ്ണുതാനോ
അതോ ഏവരും ചേർന്നദ്വൈതി
യായോ ചോദിച്ചുപോയ്
അങ്ങനെനെങ്കിൽ ഞാൻതന്നെ
യാണീ നിലകൊള്ളുന്നതെങ്കിൽ
എൻ ജഢം പൂർവ്വദേഹ
മെവിടെ കാട്ടിത്തരൂ
കാട്ടിനാൻ കാൽ വിരലുകളാൽ
കൂട്ടിപ്പിടിച്ചുകൊണ്ടു്
കമഴ്ന്നു കിടക്കുംപടി
എൻ പൂർവ്വദേഹം
ഗരുഡനാൽ താങ്ങി
ആകാശമദ്ധ്യേ നിലകൊൾവതു്

ആകവേ നോക്കി ഞാൻ
സമയമെത്രയോകഴിച്ചു
എങ്ങനെന്നറിയാതെ
നിവർത്തിച്ചതിൽ നിന്നും

എന്നെഃപോലുള്ളയൊരു
പച്ച സാധുവിന്നു് സാധ്യ
സാധ്യമാണിവയെങ്കിൽ
സഹർഷം പ്രയത്നിക്കു
നിങ്ങൾക്കും സാധ്യമത്രേ

മുമ്പുള്ള ഗ്രന്ഥങ്ങളിലും
സമാധി വിവരങ്ങൾ
അനുഭവപ്പെടിചൊന്നേൻ
ഈയിതിലുമത്തുചെയ്യേൻ
നമസ്തേ ഗണനാഥ
നമസ്തേ പത്മവാസേ
നമസ്തേ ശ്രീഗോപാലാ
നമസ്തേ മഹാമതേ
നമസ്തേ ഗുരോ,പിതാ
നമസ്തേ മാതൃദേവി
നമസ്തേ നമോനമ:

★

# ഓം

# അദ്വൈതം

ഓം

ശ്രീ ഗുരവേ നമഃ

നമ്മേപ്പോലുള്ളതാകും
ഗ്രാമേചര ജനങ്ങൾക്ക്
അറിവാനായ് കഥിക്കാം
അദ്വൈത തത്വജ്ഞാനം

ഉണ്മയുമില്ലായ്മയും
കവന്നു പഠിച്ചീടിൻ
''ഇല്ല''യാണാദ്യമെങ്കിൽ
''ഉണ്മ''പിന്നുണ്ടാവില്ലാ
''ഉണ്മ''യോ ആദ്യമെങ്കിൽ
''ഇല്ല''പിന്നില്ലയില്ലാ

ഇല്ലായ്മയറിവാനും
ഉണ്മതാൻ വേണമെടോ
ഇല്ലായ്മയുണ്ടെന്നായാൽ
ഉണ്മയാണധിപതി

അങ്ങനെ വന്നെന്നാലും
ഇല്ലായ്മയില്ലയില്ലാ
ഇല്ലാത്തതുള്ളതാവില്ല
ഉള്ളതില്ലാത്തതല്ലെടോ
സത്യമതുള്ളതാണ്
ഉള്ളതു സത്യം തന്നെ

സത്യമതില്ലെന്നായാൽ
നിന്നെയും കാണുകില്ലാ

ഉള്ളതൊന്നേയുള്ളോ?
ഉള്ളതുപലതാണോ?
എന്നൊരു ചോദ്യമുണ്ട്
ഉള്ളതുപലതെങ്കിൽ
വേർതിരിക്കുമിടം വേണം
വിടവതു ശൂന്യമായാൽ
ശൂന്യമതുള്ളതാകും
വിടവതു മറ്റൊന്നായാൽ
വിടവതു ശൂന്യമാകും
എന്നാലും ശൂന്യം വേണം

വന്ധ്യക്കു പുത്രനായാൽ
വന്ധ്യാത്വമില്ലാതാകും
വന്ധ്യാത്വമുണ്ടെന്നായാൽ
പുത്രനതില്ലാതാകും
അരവുമരവും ചേർന്നാൽ
ഇല്ലരമായീടുമേ

വകതിരുവസാദ്ധ്യമെങ്കിൽ
പലതതില്ലാതാകും

പലതതില്ലെന്നായാൽ
അദ്വൈതം സിദ്ധമത്രേ
അദ്വൈതം സിദ്ധമെന്നാൽ
കാണുവതെന്തായീടും
കാഴ്ചയതെവിടെക്കാണും

അദ്വൈതം സത്യമെങ്കിൽ
ശൂന്യമതു വന്ധ്യാപുത്രൻ
അദ്വൈതമില്ലെന്നായാൽ
ശൂന്യമതുണ്ടാകുമേ
ശൂന്യമതുണ്മയായാൽ
ശൂന്യവുമില്ലാതാകും
എങ്ങനെ വന്നെന്നാലും
ശൂന്യമതില്ലതന്നെ

പലതതു കണ്ടീടുവാൻ
മരുമരീചികവേണം
തേജസിൻ ക്ഷീണമത്രേ
മരുമരീചികയോർക്കാ
തേജസത്യുഗ്രമായാൽ
മരുമരീചികപോകും
ഉഗ്രമാം പ്രകാശത്തെ
അത്യുഗ്രപ്രകാശത്താൽ
തടഞ്ഞുനിറുത്തീടാമേ
മൂന്നു ബാററി ടാർച്ചിൻ
പ്രകാശത്തെ അഞ്ചു ബാ
ററിപ്രകാശാൽ തടയും
പ്രകാരേണ തടയുക
ചിൽ സൂര്യഘോരാതപത്തെ
ചിൽ ഘനബോധത്താലേ

വെയിലത്തു വേർപെടുത്തി
ജലമത്തു കാട്ടുവതും
ഭ്രാന്തിയതാണെന്നോർക്ക
ഏകത്തെ പലതാക്കാൻ
ഭ്രാന്തിയതുണ്ടാകേണം
രജ്ജുവേ സർപ്പമാക്കാൻ
ഭ്രാന്തിയതുണ്ടാകേണം
ഭ്രാന്തിദൃശ്യമല്ലെന്നു
തോന്നിയാലും ഭ്രാന്തിയതു്
ദൃശ്യം തന്നെയാണെടോ
ആയതു ചൊല്ലിത്തരാം
ശ്രദ്ധയാകേട്ടുകൊൾകാ
ഫിലിമിൽ കാണും സൂക്ഷ്മ
രൂപങ്ങൾ വളർത്തിയാണു
ഭീമമാം രൂപം കാട്ടു
ടേപ്പിൻെറ ഫിലിമതിൽ
ശബ്ദത്തിൻ രൂപമില്ല
ഘോഷകകറൻറതു
നൽകിയാൽ വിളയുമേ
ശബ്ദവും പ്രകാശിക്കും
ഭ്രാന്തിമാൻ കാണും രജ്ജു
സർപ്പമായ് കണ്ടീടുമേ
ഇതിനാലറിയേണ്ടതെ
ന്തെന്നു ചൊല്ലീടാം ഞാൻ
കേന്ദ്രബിന്ദുതൻ ശക്തി
അദ്വൈത ബ്രഹ്മശക്തി
പലതായ് തിളങ്ങുന്നു
ഘോരാതപമതു കുളിർ
ജലമായ് കണ്ടീടുമേ

സർവ്വശക്തനാം ബ്രഹ്മം
പലതാകലസാദ്ധ്യമോ?

അദ്വൈതി തൻെറ ഏററവും
ശക്തനാം ശത്രു വിശിഷ്ടാ,
ദ്വൈതിതന്നെയെടോ
രാജത്വം വെപ്പിച്ചിട്ട്
രാജപ്രമുഖനാക്കിയപോൽ
അദ്വൈതം ഹോമിച്ചിട്ട്
വിശിഷ്ടാദ്വൈതമേററുന്നു
സ്വാത്മമോഹികളാമവർ
വ്യക്തിത്വം പൊട്ടിച്ചിട്ട്
വ്യക്തിഅവ്യക്തനാവാതെ
പററിപ്പിടിച്ചിരിക്കുന്നു
കുരങ്ങു കുഞ്ഞിനെ എന്നപോൽ

സ്വർണ്ണ ആമത്തിലായാലും
അല്ല യാമമതാകിലും
ബന്ധനം ബന്ധനമാണെടോ
മായതൻ കൂട് പൊട്ടിച്ചു
ഞെരിയും മഹത്തുക്കൾ

പൂർണ്ണത്തിൽ കണ്ട പൂർണ്ണന്നു്
അപൂർണ്ണത്വമതെങ്ങെടോ
പ്രകാശം പ്രകാശമല്ലാതെ
സ്ഫുരിതമാകുവതെങ്ങിനെ
ബോധത്തിൽ ബോധമല്ലാതെ
ബോധക്കേടെതുഭവിക്കുമോ?
വിശിഷ്ടൻ മുക്തനാവില്ല
അന്യനില്ലാത്തവൻ മുക്തൻ

ഇനി അല്പം ചൊല്ലീടാം ഞാൻ
ദ്വൈതി തന്റെ വിഭാവന
ഇരുട്ടുണ്ടെന്നുവന്നാൽ
വെളിച്ചം തീർച്ചയാണെടോ
ആണെന്നു പറഞ്ഞെന്നാൽ
പെണ്ണെന്നതുമുള്ളതെടോ
ഇരുട്ടിന്നു വെളിച്ചം
ജീവന്നു ജഡം
പുരുഷന്നു പ്രകൃതി
ഈശന്നുമായ
മുമ്പിന്നു പിമ്പ്
കീഴിന്നു മുകള്
എന്നുവേണ്ടാ സർവ്വമതും
ദ്വൈതം തന്നെയാണെടോ

ഇവിടം നമുക്കൊന്നു—
കടഞ്ഞു പരിശോധിക്കാം
ഇരുളതുണ്ടെന്നാകിൽ
വെളിച്ചമില്ലതന്നെ
വെളിച്ചമുണ്ടെന്നാകിൽ
ഇരളതില്ലതന്നെ
പുരുഷനാണെന്നാകിൽ
ചൈതന്യം കണ്ടീടുമേ
പ്രകൃതിയാണെന്നായാൽ
ജഡത്വം കൂടെയുണ്ടേ—
ബ്രഹ്മമതാണെന്നായാൽ
മായയെ കാണുകില്ലേ
ഇവയേതുള്ളതെന്ന
ങ്ങറിഞ്ഞുപെരുമാറുകിൽ

അറിയുമദ്വൈതത്തെ
കീഴെന്നു വന്നെന്നാകിൽ
മുകളാവുകയില്ല
കീഴേകാണുകയില്ല
കീഴും മുകളും ചേർന്നും
ഇരുളും വെളിച്ചവും
ചേർന്നും, പുരുഷനും പ്രകൃതി
യതും ചേർന്നും, ബ്രഹ്മവും
മായയും ചേർന്നും, ദ്വൈതി-
ക്കേവിധിച്ചിട്ടുള്ളവേദങ്ങൾ
അറികമഹാമതേ
ബോധത്തിൻ മണ്ഡലിനാൽ
രണ്ടെന്നു കണ്ടീടുന്നു
ബോധമതുണർന്നാൽ
ഏകവും കാണുകില്ല
ബോധമേ കാണുകൊള്ളൂ
''പ്രതിബോധ വിധിതം ബ്രഹ്മ''
മെന്നല്ലോവേദാന്തംഘോഷിപ്പതു''
അണുതൻ ഹൃദയഗഹ്വ
രത്തിൽ നിറവുററുനില്ലവൻ
ഇടമില്ലാ ബോധഘനൻ
ബോധാമൃത രസമായവൻ
വേദാന്തമരുളീടുന്നു
''പുരാകിലേദം നകിംചനാസീന്ന
ദ്വൈതാന്തരീക്ഷം നപൃഥിവീ
കേവല ജ്യോതിരൂപ
മനാദ്യനന്തമണ്ണ്വ
സ്ഥൂലരൂപമരൂപം

രൂപവാദവിജ്ഞേയമാ
നന്ദമയമാസീത്''
നാസാദിസൂക്തമല്ലം
ഇതിനെതന്നെയാണു
വിസ്തരിച്ചുരപ്പുളം
ജ്ഞാനത്താലറിഞ്ഞുതെളിഞ്ഞതും
സമാധിയിലുണർന്നങ്ങറിവതും
ഒന്നുതന്നെയെന്നുകാട്ടാം ഞാൻ
സശാസ്ത്രീകം യുക്തിപ്പടിപഠിക്കുക.
''നാസദാസീന്നോസദാസീത്തദാനീ
നാസീദ്രജോനോവ്യോമാപരോയൽ
കിമാവരീവ: കുനകസ്യശർമ്മൻ
അംഭ; കിമാസീദ്ഗഗനം ഗഭീരം''
ഭാവമോ അഭാവമോ
രാജസോ (ഹൈരണ്യമോ)
ആകാശമോ സ്വർഗ്ഗമതോ
ഏതാവരണം ചെയ്തോ
എവിടെയായിരുന്നോ
ആരുരക്ഷിച്ചുപോന്നോ
ഗഗനം ഗഭീരമാമാജല
നിധനമേതോ അതോ
ഒന്നും തന്നെ ഉണ്ടായിരുന്നില്ല
''നമൃത്യുരാസീദമൃതംനതഹി
നരാത്ര്യാ അഹ്ന ആസീൽപ്രകേത:
അനീത വാദം സ്വധയാതദേകം
തസ്മാദ്ധാന്യന്നപര:കിഞ്ചനാസ''
മൃത്യുവോ അമൃതമോ
സൂര്യചന്ദ്രാദികളോ
അവയാൽ തിരിക്ക
പെടുന്ന രാത്രിയോ

ഉണ്ടായിരുന്നേയില്ല
ആബ്രഹ്മമൊന്നു മാത്രം
തനിയേനിലനിന്നിരുന്നു.
ജാഗ്ര ജാഗ്രാദിവിട്ടിട്ട്
തുര്യതുര്യത്തിലെത്തിടും
ആത്മവാദ്വൈതത്തി
ലെത്തീട്ട് ബ്രഹ്മം തന്നെയായ്
നിലകൊള്ളുമതോർക്കെടോ

എത്ര ഏറെ പറഞ്ഞാലും
അദ്വൈതം കാട്ടിയെന്നു
ഞാൻ ചൊല്ലില്ലിവകളാൽ
വേദം ചൊല്ലുന്നിതാദിയിലേ
മായയുണ്ടെന്നു തീർച്ചയായ്
മായയുണ്ടെന്നു വന്നാകിൽ
ദ്വൈതം തീർച്ചയതായിടും
അതുതെററിക്കുവാൻ വേണ്ടി
ബ്രഹ്മത്തിൻ ശക്തിയെന്നാക്കി
അദ്വൈതം കാട്ടുന്നു ബ്രഹ്മജ്ഞർ
ആയതംഗീകരിച്ചെന്നാൽ
ബ്രഹ്മം ബ്രഹ്മത്തെ അറിയാൻ
മായതൻ വിധിതേടണം
ബ്രഹ്മത്തിന്നധീനം ശക്തി
എന്നാൽ ബ്രഹ്മം ബ്രഹ്മമതായീടും
ശക്തിക്കധീനമാണു ബ്രഹ്മ
മെങ്കിൽ ബ്രഹ്മം പാവകളിക്കുമേ
എണ്ണമററ ജീവനുള്ളപ്പോഴും
അദ്വൈതം പൊടിഞ്ഞുതകരുമേ
ഒരുജീവനൊരുജീവനതറികില്ല

ദേഹിദേഹിയായ് നില്ക്കുന്ന ദേഹേ
ദേഹം നീളെ കാണുമേ ജീവൻ
അതിനെ ഏകമെന്നോതാൻ
ആരുതാൻ പണിചെയ്തിടും

ആത്മവാനല്ലെന്നു വന്നെന്നാൽ
ജീവന് ജീവനമില്ലാതാകും
ആത്മാവഖണ്ഡസച്ചിദാനന്ദ
മെന്നത്രേവേദമോതുവതു്
ആത്മാവുമാത്മാവുമായ്ഭേദിക്ക-
മിടം കാണില്ലൊരേടവും

അവകാശമതുണ്ടാക്കി ആകാശം
ഇടമില്ലായ്കയാലാത്മാബ്രഹ്മ
മായിട്ടുനിലകൊാംവതോക്കേടോ
ആത്മാവുപരമാകയാൽപരമാത്മാ
വതാകുന്നെന്നല്ലാതെ വേറിട്ടൊന്നും
നിലനില്ക്കുവതില്ലമഹാമതേ
ആത്മാവു പലതല്ലബോധമാകയാൽ
കടയേണ്ട കാര്യമൊന്നുണ്ടു
പുരുഷനും പ്രകൃതിയും
ബ്രഹ്മവും പരാശക്തിയും

സൂര്യന്റെ ശക്തിയതേ
പ്രകാശമായറിയുന്നു
കാരണമായ് കണ്ടീടുന്നു
സൂര്യപ്രകാശമത് ചന്ദ്രനി
ലേററീടുന്നു ഭൂമിയിലും
സൂര്യനങ്ങുമറഞ്ഞെന്നാൽ

ഇരുളാണ്ട രാത്രിയാകുമേ
ഇവിടെ സൂര്യനത്രേപ്രാമാണ്യം
പ്രഭയില്ലെന്നതോർക്കണം
അതുപോൽ ബ്രഹ്മമതിൻ
ശക്തിയത്രേ പരാശക്തി
ബ്രഹ്മമതു മറഞ്ഞുകണ്ടാൽ
ബോധക്കേടതാകും പോൽ
ബ്രഹ്മഹത്യയതാകുമേ
അതുപാപത്തിൽ വൻപാപം
പാപം പോക്കുവതോ
ബ്രഹ്മബോധമതാണെടോ
സൂര്യപ്രഭയെ വെന്നീടാൻ
സൂര്യൻ തന്നെയാകണം
പരാശക്തികടന്നീടാൻ
ബ്രഹ്മം തന്നെയാകണം
ബ്രഹ്മമാണെന്നതറിഞ്ഞെന്നാൽ
ദ്വൈതമാകെനശിച്ചുപോം
അദ്വൈതം സൂര്യബിംബംപോൽ
പ്രഭയോടെ വിളങ്ങീടും
അതുപോലെ ബ്രഹ്മമതു്
ശക്തിയോടെ പ്രശോഭിക്കും

# ആത്മബോധോപനിഷത്

''ഘടാവ ഭാസകോഭാനുർ
ഘടനാശേ ന നശ്യതി
ദേഹാവഭാസക സാക്ഷീ
ദേഹനാശേ ന നശ്യതി
നമേബന്ധോ നമേമുക്തിർ
നമേ ശാസ്ത്രം നമേഗുരു:
മായമാത്രവികാസത്വാ
ന്മായാതീതോഹമദ്വയ:

---

സ്വല്പോപിദീപകണിക
ബഹുളം നാശയത്തമ:
സ്വല്പോപിബോധോപ്യജ്ഞാനം
ബഹുളം നാശയത്തഥാ
കാലത്രയേ യഥാസർപ്പോ
രജ്ജൗനാസ്തിതഥാമയി
അഹംകാരാദിദേഹാന്തം
ജഗന്നാസ്ത്യഹമദ്വയ''

# ഓം

# അദ്വൈത ഭാവന

ഓം

ശ്രീ ഗുരവേ നമ:

കാണുന്നതെല്ലാമെയെന്നിൽ തന്നെ
കാണുമറിവതുമെന്നിൽ തന്നെ
കാട്ടുമറിവതുമെന്നിൽ തന്നെ
ഏകമായുള്ളറിവെന്നിൽ തന്നെ

അറിയുമറിവെല്ലാമറിവറിവേ
ഉള്ളിലിരക്കുമതുമറിവറിവേ
വെളിയിലായ് കാണുവതുമെന്നറിവേ
ഏകമായി കാണുവതുമെന്നറിവേ
പലതായി കാണ്മതുമറിവറിവേ

അറിയുമറിവെല്ലാമെന്നിൽ തന്നെ
കാണുന്ന അറിവെല്ലാമെന്നിൽ തന്നെ
സർവമായ് കാണുവതുമെന്നിൽ തന്നെ
ഞാനായിനില്പവനുമെന്നിൽ തന്നെ
അന്യമായ് കാണുവതുമെന്നിൽ തന്നെ

ആത്മാവിലല്ലാത്തോരറിവില്ലല്ലോ
ആത്മാവിലില്ലാത്തോരറിവില്ലല്ലോ
അറിവുമയമത്രേ ഞാനതോർക്കാ
അറിവല്ലാതൊന്നുമേയില്ലയല്ലോ

അറിവായിട്ടങ്ങു പുലർന്നുവെന്നാൽ
അറിവല്ലാതൊന്നുമേകാണുകില്ല
പ്രപഞ്ചത്തെകാട്ടുവതുമെന്നറിവ്
ജഗത്തായികാണുവതുമെന്നറിവ്
ഉപാധിയെകാട്ടുവതുമെന്നറിവ്
ഉപാധിരഹിതമതാണെന്നറിവ്

അഭേദദർശനമേയെന്നറിവ്
അദ്വൈതഭാവമതാണറിവറിവ്
സത്യസ്വരൂപമതേയറിവറിവ്
ആനന്ദമാത്രമതാണറിവറിവ്

ഓം സത്യസ്വരൂപമതേയറിവറിവ്
ഓം ആനന്ദമാത്രമതാണറിവറിവ്

★

# ഓം

## ശ്രീ ഗുരവേ നമ:

ഏകനായ് ഏകനായ്
ചുമ്മാതിരുന്നെന്നാൽ
ആയത്തും പോരയേ
എന്റെ ഉണ്ണീ

ഘോരമാം തീയതിൽ
വിറകുകിടന്നെന്നാൽ
തീയും പുകയുമായ്
നാടുനിറയുമേ

ആശാവിറകതു
കത്തുമേ പുകയുമേ
കണ്ണുകാണാതാകും
കത്തി എരിക്കുമേ

ആശാവിറകതു
നീക്കിയെറിഞ്ഞെന്നാൽ
ശൂന്യതകാണുമേ
സാവധാനം

ശൂന്യതകണ്ടങ്ങു
തെളിഞ്ഞു രസിക്കുമ്പോഴും
രസിക്കുന്ന ആളിനെ
ഓർത്തുനോക്കുക

വേദാന്തം ഘോഷിക്കും
ദശമ പുരുഷനാ
ണാത്മവാനാക
മശൂന്യദർശി

ശൂന്യത്തിലാകാശം
കണ്ടുമുട്ടീടുമേ
ശബ്ദം ധ്വനിക്കുമേ
ശൂന്യനാശിയവൻ

ദശമ പുരുഷനാ
യാത്മാവെകണ്ടെന്നാൽ
ആത്മാവതെന്തെ
ന്നതാരറിയും

പിന്നെങ്ങനാണങ്ങ
റിയുകയെന്നാകിൽ
''യുക്തയാ, ശ്രുത്യാ
സ്വാനുഭൂത്യാ, ജ്ഞാത്വാ,
സ്വാത്മ്യമാത്മന:''

ഗുരുതൻ വചനവും
ശ്രുതിയും ചേർത്തു
ശ്രുതിയെന്നു ഞാൻ
കഥിക്കുന്നു

ശ്രുതിയെ യുക്തിയാൽ
മഥിച്ച രസമാംദധി
ഊറിവരുന്നതങ്ങാ
സ്വദിച്ചാൽ സത്വാ
ഹാരമതാകമേ

അന്നേരമുദിച്ച
യരുമാനന്ദമാത്മാ
നന്ദം സ്വാനുഭൂതി
യതാണെന്നീ

അങ്ങനങ്ങറിയുക
സര്വാത്മാവായതിനെ
ആത്മാവാലറിയുക
ആത്മലക്ഷണമതാൽ

''വാക്യമപ്രതിബദ്ധംസത്
പ്രാക്പരോക്ഷാവഭാസതേ
കരാമലകവദ്ബോധ
മപരോക്ഷം പ്രസൂയതേ''

സൃഷ്ടിയെ ചെയ്തില്ല
സൃഷ്ടിനടന്നില്ല
സങ്കല്പമത്രേ
ഈ സൃഷ്ടിയെല്ലാം

എൻമുന്നിൽകാണു
മീരശ്മികളത്രയും
എൻപ്രഭയെന്ന
തേ സത്യം സത്യം

ഈ കണ്ടതെല്ലാമേ
എന്നുള്ളിൽ കല്പിതം
എന്നാലേ കല്പിതം
എന്തിന്നു വിസ്മയം

ആമ അവയവം
ഉള്ളിലേക്കാക്കം പോൽ
സങ്കല്പപൊരുളുകൾ
ഉള്ളിലമരുമ്പോൾ
അത്ഭുതപെട്ടപോ
മെൻകുഞ്ഞേ നീ

നമ്മൾകാട്ടുന്നതും
നമ്മളടക്കവെതും
തൻ ശക്തിതന്നെ
യെന്നോക്ക് കുഞ്ഞേ

ഓം ഓം ഓം.